# MAT-MAR-BON-CHRIST MISSION

PALALIL THARAYIL MATHEWSVILLA,CHEEKANAL,OMALLOOR.P.O, PATHANAMTHITTA,KERALA-689647,INDIA.Phone: 0468 2230714,91-8943099431, Email: mathews.palalil@yahoo.co.in






(“Come to me, all of you who are tired from carrying heavy loads, and I will give you rest.” -Mathew-11:28)

## വീണ്ടെടുപ്പിന്റെ പദ്ധതി

മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ചകാരണം സ്വർഗ്ഗം മുഴുവൻ ശോകമൂകമായി തീർന്നു. ദൈവം സൃഷ്ടിച്ച ഭൂമി പാപം കാരണമായുണ്ടായ ശാപത്തിന്റെയും അതിലെ അന്തേവാസികൾ കഷ്ടതയുടെയും മരണത്തിന്റെയും നിഴലിൽ വസിക്കുവാൻ വിധിക്കപ്പെട്ടു. ദൈവിക നിയമലംഘനത്തിൽപ്പെട്ടവർക്ക് ഒരു രക്ഷയും ഇല്ലാത്ത അവസ്ഥയിലായി. ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടിരുന്ന മാലാഖമാർ സ്തംബ്ധരായി. പാപത്തിന്റെ ഫലമായുണ്ടായ കഷ്ട നഷ്ടങ്ങളാൽ സ്വർഗ്ഗത്തിൽ ശോകമൂകമായ നിശബ്ദത പരന്നു.

ദൈവപുത്രനായ, സ്വർഗ്ഗീയ മഹത്വനാഥൻ, പാപവിനാശത്തിൽ ആണ്ടുപോയ മനുഷ്യവർഗ്ഗത്തെ ഓർത്ത് ദുഃഖിതനായി വേദനയിൽപെട്ടു. പാപത്തിന്റെ അഗാധഗർത്തത്തിൽ വീണുപോയ നഷ്ടപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ യാതനകളിൽ കർത്താവിന് തന്റെ ഉള്ളിൽ അനന്തമായ കരുണതോന്നി. എന്നാൽ ആ ദിവ്യമായ സ്നേഹം മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുവാൻ ഒരു പദ്ധതി രൂപപ്പെടുത്തി. ലംഘിക്കപ്പെട്ട ദൈവികനിയമം (യഹോവയുടെ ന്യായപ്രമാണം) പാപിയുടെ ജീവനെയാണ് മറുവിലയായി ആവശ്യപ്പെട്ടത്. പ്രപഞ്ചത്തിലെ എല്ലാ ലോകത്തിലുമായി, എന്നാൽ സർവ്വശക്തനായ ഒരാൾക്ക് മാത്രമാണ് ഇഹലോകമനുഷ്യന്റെ പാപപരിഹാരത്തിന് മറുവിലയായ ജീവൻ നൽകി ദൈവിക നിയമത്തിന്റെ വിശുദ്ധിയെ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളു. ദൈവികനിയമം ദൈവത്തെപ്പോലെ വിശുദ്ധമാകയാൽ ദൈവത്തിനു സമാനമായ ജീവബലിയിലൂടെ മാത്രമെ പാപത്തിന് പരിഹാരം സാധ്യമായിരുന്നുള്ളു. ദൈവപുത്രനായ ക്രിസ്തുവിലൂടെ മാത്രമല്ലാതെ പാപത്തിൽ വീണുപോയ മനുഷ്യനെ പാപഫലമായ ശിക്ഷയിൽ നിന്നും വീണ്ടെടുത്ത് സ്വർഗ്ഗീയരാജ്യവിശുദ്ധിയുടെ നിരപ്പിലേക്ക് രക്ഷിച്ചെടുക്കുവാൻ വേറെ മാർഗ്ഗം ഒന്നും ഉണ്ടായിരുന്നില്ല. സ്വയം വിശുദ്ധിയുടെ മഹോന്നതിയിൽ ആയിരുന്ന ദൈവപുത്രൻ പാപത്തിന്റെ അഗാധഗർത്തത്തിൽ വീണുപോയ മനുഷ്യവർഗ്ഗത്തെ രക്ഷിയ്ക്കുവാൻ പാപത്താലുള്ള നിന്ദകളും, കുറ്റങ്ങളും സ്വയം വഹിച്ച് യാതനകളുടെ ആഴങ്ങളിലേക്ക് ആഴ്ന്നിറങ്ങുവാനും, തന്റെ പിതാവിന്റെ സന്നിധിയിൽ നിന്നും തന്നത്താൻ താഴ്ത്തപ്പെടുവാനും ജീവബലിയായി തീരുവാനും തയ്യാറായി.

ദൈവപുത്രൻ പിതാവാം ദൈവസന്നിധിയിൽ പാപികൾക്കു വേണ്ടി അപേക്ഷിച്ചപ്പോൾ, അതിന്റെ ഫലത്തെപ്പറ്റി അറിയുവാൻ സ്വർഗ്ഗീയ മാലാഖമാർ വാക്കുകളാൽ ഉച്ചരിപ്പാൻ പറ്റാത്തവിധം അത്യന്തം ആകാംക്ഷയോടും താൽപര്യത്തോടും കൂടി കാത്തിരുന്നു. പാപത്തിൽ

ആയ മനുഷ്യ വർഗ്ഗത്തിന്റെ വീണ്ടെടുപ്പിനുവേണ്ടിയുള്ള സമാധാന പ്രഭുവിന്റെ (സഖറിയ 6:13) സംഗമം വളരെയധികം നീണ്ടുപോയി. ഭൂതല സൃഷ്ടിക്കു മുൻപുതന്നെ അതിന്റെ രക്ഷാകരമായ പദ്ധതി തയ്യാറാക്കിയിരുന്നു. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടായ (വെളിപാട് 13:8) ക്രിസ്തുവിനെ തന്നെ. എന്നിട്ടും ഭൂതലത്തിന്റെ നാഥന് തന്റെ ഏകപുത്രൻ പാപികളായ മനുഷ്യ വർഗ്ഗത്തിന്റെ മോചനത്തിനുവേണ്ടി ബലിയായിത്തീരുന്നത് ഒരു വലിയ ഹൃദയസംഘർഷമായിരുന്നു. എന്നാൽ "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16). ദൈവം ലോകത്തെ സ്നേഹിച്ചെങ്കിലും തന്നെ സ്നേഹിക്കാത്ത ലോകത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി രഹസ്യാകരമായ പദ്ധതിക്കായി പ്രവർത്തിച്ച ദൈവസ്നേഹത്തിന്റെ ആഴം അറിയുവാൻ ഏതു ജ്ഞാനത്തിൽ കൂടി പോകേണ്ടിയിരിക്കുന്നു? അവസാനമില്ലാത്ത യുഗങ്ങളിൽ കൂടി അമർത്യമായ മനസ്സുകളുമായി സ്വർഗ്ഗീയ മാലാഖമാർ ആ രഹസ്യത്തിന്റെ ഉള്ളടക്കത്തെയും അവർണ്ണനീയമായ ദൈവസ്നേഹത്തിന്റെ ആഴത്തെയും അത്ഭുതത്തോടും ആരാധനയോടും നോക്കിപാർത്തു.

ദൈവം ക്രിസ്തുവിൽകൂടി ലോകത്തിനു തന്നെ കാട്ടികൊടുത്തു. "ദൈവം ലോകത്തിന് ലംഘനങ്ങൾ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു" (2.കൊരിന്ത്യർ 5:19). വിശുദ്ധിയുടെയും നന്മയുടെയും രൂപമായ ദൈവവുമായി കൂടിവരുവാൻ പാപത്താൽ പിന്തള്ളപ്പെട്ടുപോയ മനുഷ്യന് അസാധ്യമായിതീർന്നു. എന്നാൽ നിയമലംഘനത്തിന്റെ ഫലമായ യാതനയിൽ ആകുവാൻ വിധിക്കപ്പെട്ട മനുഷ്യവർഗ്ഗത്തെ ക്രിസ്തു രക്ഷാകരമായ പദ്ധതിയിലൂടെ ദൈവികശക്തിയുടെ ഭാഗമാക്കി, ദൈവത്തോടു കൂടിച്ചേർത്തു. ക്രിസ്തുവിൽ വിശ്വസിക്കുകയും, ചെയ്തുപോയ പാപങ്ങൾ ദൈവത്തോട് അനുതപിക്കുകയും ചെയ്യുന്നവരായ ആദാമിന്റെ മക്കൾക്ക് തങ്ങളുടെ നാശത്തിൽ നിന്നും ഒരിക്കൽകൂടി "ദൈവമക്കൾ" (1 യോഹ. 3:2) ആകുവാൻ ക്രിസ്തുവിൽ കൂടി സാദ്ധ്യമാക്കി തീർത്തു.

മനുഷ്യരക്ഷയ്ക്കുവേണ്ടി മാത്രമായുള്ള വീണ്ടെടുപ്പിന്റെ പദ്ധതിയിലൂടെ, സ്വർഗ്ഗം മുഴുവൻ ഉൾക്കൊണ്ടവന്റെ അനന്തമായ ബലിക്ക് കാരണമായി. വീണ്ടെടുപ്പിന്റെ പദ്ധതി മാലാഖമാർക്കു മുമ്പിൽ ക്രിസ്തു വെളിപെടുത്തിയപ്പോൾ അവർക്ക് ആഹ്ലാദിക്കുവാൻ സാധിച്ചില്ല, കാരണം അവരുടെ പ്രിയനാഥന്റെ പീഢാനുഭവവും യാതനകളും ബലിയും മനുഷ്യരക്ഷയ്ക്കുവേണ്ടി മറുവിലയായി തീരുമെന്നവർ കണ്ടു. സ്വർഗ്ഗീയമായ വിശുദ്ധിയും, സമാധാനവും അതിലെ സന്തോഷവും മഹത്വവും നിത്യജീവനും വിട്ട് തന്നത്താൻ താഴ്ത്തി ഭൂമിയിലേക്ക് അതിലെ ദുഃഖങ്ങളും അപമാനവും മരണവും സഹിപ്പാൻ തയ്യാറാകുന്ന ക്രിസ്തുവിന്റെ വാക്കുകൾ അവർ ദുഃഖത്തോടും അതിശയത്തോടും ഗ്രഹിച്ചു. പാപിയായ മനുഷ്യനും പാപത്തിന്റെ ഫലമായ ശിക്ഷാവിധിക്കും മദ്ധ്യേ ദൈവപുത്രൻ നിൽക്കേണ്ടി വന്നുവെങ്കിലും കർത്താവിനെ സ്വീകരിച്ചതൊ വളരെ കുറച്ചു പേർ മാത്രം. സ്വർഗ്ഗീയ മഹത്വനാഥൻ മഹത്വത്തിന്റെ അത്യുന്നതിയിൽ നിന്നും മാറി, ഭൂമിയിൽ എളിയ മനുഷ്യനായി വന്ന് മനുഷ്യൻ അനുഭവിക്കേണ്ടിയിരുന്ന ദുഃഖങ്ങളും, യാതനകളും, പരീക്ഷണങ്ങളും നേരിട്ട് സ്വയം അനുഭവിച്ചറിഞ്ഞു. ഇതെല്ലാം ആവശ്യമായി വന്നത്, താൻ തന്നെ പരീക്ഷിതനായി കഷ്ടം അനുഭവിച്ചിരിക്കയാൽ പരീക്ഷിയ്ക്കപ്പെടുന്നവരെ സഹായിപ്പാൻ കഴിവുള്ളവൻ ആകയാൽ ആകുന്നു (എബ്രായർ 2:18). ക്രിസ്തു ഗുരു എന്ന തന്റെ ദൗത്യം പൂർത്തീകരിച്ചതിനുശേഷം, തന്നത്താൻ ദുഷ്ടന്മാരുടെ കൈകളിൽ ഏൽപ്പിക്കപ്പെടുകയും, സാത്താന്റെ പ്രേരണയാൽ ഉള്ള എല്ലാവിധ നിന്ദകൾക്കും, പീഢനങ്ങൾക്കും ഇരയായി സ്വയം സഹിക്കുവാൻ

തയ്യാറായി. ക്രിസ്തു മഹാപാതകിയായ പാപിയെപോലെ ഏറ്റവും നിന്ദ്യവും ക്രൂരവുമായ മരണം വരിച്ച് ഭൂമിക്കും ആകാശത്തിനും മദ്ധ്യേ ഉയർത്തപ്പെട്ടു. ദീർഘനേരം നീണ്ട ഭയാനകമായ കഷ്ട തയിലും വേദനയിലും ആയ നാഥനെ കാണുവാൻ ആകാതെ മാലാഖമാർപോലും തങ്ങളുടെ മുഖം മറയ്ക്കപ്പെട്ടു. ലോകത്തിലെ സർവ്വരുടെയും പാപത്തിനാൽ അതിന്റെ മുഴുവൻ പാപഭാ രവും ക്രിസ്തു സ്വയം തന്നിലേറ്റിയതിന്റെ അതിവേദനയാലും അപമാനത്താലും ശരീരവും ആത്മാവും തകർന്ന്, സ്വന്തം പിതാവിന്റെ മുഖം പോലും കാണാനാകാതെ മറയ്ക്കപ്പെട്ടു.

മാലാഖമാർ തങ്ങളുടെ സ്വർഗ്ഗീയനാഥന്റെ പാദത്തിൽ വീണ് തങ്ങൾ മനുഷ്യനു വേണ്ടി ബലിയാകുവാൻ തയ്യാറാണെന്ന് കേണപേക്ഷിച്ച് യാചിച്ചു. എന്നാൽ മാലാഖമാരുടെ ജീവൻ അതിനു മറുവിലയാകില്ല. മനുഷ്യന്റെ സ്രഷ്ടാവിന്റെയത്ര തന്നെയുള്ള ശക്തിക്കു മാത്രമെ അവനെ വീണ്ടെടുക്കുവാൻ സാധിക്കുകയുള്ളു. എന്നാൽ മാലാഖമാർക്ക് തങ്ങളുടേതായ കർത്ത വ്യങ്ങൾ വീണ്ടെടുപ്പിന്റെ പദ്ധതിയുടെ ഭാഗമായി നിർവ്വഹിക്കേണ്ടിയിരുന്നു. ക്രിസ്തു മാലാഖമാ രിലും അല്പം താഴ്ത്തപ്പെട്ട് മരണത്തെ അനുഭവിക്കേണ്ടിയിരുന്നു (എബ്രായേർ 2:9). ദൈവപു ത്രൻ മനുഷ്യപുത്രനായി വരുമ്പോൾ അവന്റെ ശക്തി ദൂതന്മാർക്കൊപ്പം ആയിരിക്കില്ല, അപ്പോൾ ദൂതന്മാർ യേശുവിനെ അവന്റെ യാതനകളിൽ ശുശ്രൂഷിക്കുകയും ശക്തിപ്പെടുത്തുകയും കഠിന തകളെ ലഘൂകരിക്കയും ചെയ്യണം. അവർ ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാക്കളും ആയിരിക്കും (എബ്രായർ 1:14). അവർ ദൈവകൃപയിലൂടെ വീണ്ടെടുക്കപ്പെട്ട ജനത്തെ അശുദ്ധാത്മാക്കളുടെ ശക്തിയിൽ നിന്നും, സാത്താന്റെ തുടർച്ചയാ യുള്ള അന്ധകാരത്തിന്റെ കെണിയിൽ നിന്നും സംരക്ഷിക്കേണ്ടിയുമിരിക്കുന്നു.

മാലാഖമാർ തങ്ങളുടെ നാഥനെ പ്രാണവേദനയാലും നിന്ദാക്ഷേപത്താലും കാണേ ണ്ടിവരുമ്പോൾ അവർക്കുണ്ടാകുന്ന സങ്കടത്തിലും കോപത്തിലും അവർ ദുഷ്ടന്മാരുടെ കൈയിൽ നിന്നും യേശുവിനെ വിടുവിയ്ക്കുവാൻ ആഗ്രഹിച്ചാലും, അവർ കാണുന്നതിനെ തടസ്സപ്പെടു ത്താനൊ അതിൽ ഇടപെടുവാനൊ അവരെ അനുവദിച്ചില്ല. മനുഷ്യവർഗത്തെ മരണത്തിന്റെ നിത്യയാതനകളിൽ നിന്നും രക്ഷിച്ച് വീണ്ടെടുക്കുവാൻ ക്രിസ്തു സ്വയമെ തന്നത്താൻ പാപിക ളിൽ നിന്നും പീഢനവും, നിന്ദയും, അപമാനവും, ക്രൂശുമരണവും സഹിക്കേണ്ടി വന്നത് രക്ഷാ കരമായ വീണ്ടെടുപ്പിന്റെ പദ്ധതിയുടെ ഭാഗമായതിനാലാണ്.

തന്റെ മരണത്താൽ അനേകരെ തന്നിലേക്ക് വീണ്ടെടുക്കുവാനും, നാശകരമായ മരണത്തിന്റെ ശക്തിയായ സാത്താനെ തകർക്കുമെന്നും ക്രിസ്തു ദൂതന്മാരെ ആശ്വസിപ്പിച്ചു. മനുഷ്യന്റെ പാപത്തിന്റെ ഫലമായി സാത്താൻ തട്ടിയെടുത്ത ആദമിന്റെ നഷ്ടപ്പെട്ട രാജത്വം വീണ്ടെടുത്ത്, വീണ്ടെടുപ്പിലൂടെ രക്ഷിയ്ക്കപ്പെട്ടവരെ അതിനവകാശികളാക്കി തന്നോടൊപ്പം എന്നേക്കും വസിക്കുവാനും അവരെ യോഗ്യരാക്കി. പാപത്തെയും പാപികളെയും തുടച്ചുമാറ്റ പ്പെടുകയും, ആയതിനാൽ ഭൂമിയിലും സ്വർഗ്ഗത്തിലും പിന്നീട് ഒരിക്കലും സമാധാനത്തിന് ഭംഗ മുണ്ടാവുകയുമില്ല. പിതാവാം ദൈവത്തിന് സ്വീകാര്യമായതിനാലും, അന്ധകാരത്തിൽ വീണു പോയ മനുഷ്യവർഗത്തെ ക്രിസ്തു തന്റെ മരണത്താൽ ദൈവവുമായുള്ള നിരപ്പിലേക്ക് എത്തി ക്കുവാൻ സാധിക്കുന്നതിനാലും ദൂതസംഘവും സന്തോഷത്തോടെ സംതൃപ്തരായി.

സന്തോഷത്താൽ, അതിരറ്റ ആഹ്ലാദത്താൽ സ്വർഗ്ഗം നിറഞ്ഞു. വീണ്ടെടുക്കപ്പെട്ട ലോകത്തിന്റെ മഹത്വവും വിശുദ്ധിയും ജീവനാഥൻ സഹിക്കുന്ന പ്രാണവേദനയെയും ത്യാഗ ത്തിനെയും നിറഞ്ഞു കവിയുന്നതായി മാറി. ബേദ്ലഹേമിലെ മലകളുടെ മുകളിൽ നിന്നും ആദ്യ

മായി ഇമ്പമോടെ ആലപിച്ച ഗീതങ്ങൾ പ്രതിധ്വനിച്ചു. ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം'' (ലൂക്കോസ് 2:14). ഒരു പുതിയ സൃഷ്ടി യുടെ ഉന്മേഷമോടെ അതുവരെ ഇല്ലാത്ത അഗാധമായ ആഹ്ലാദത്തോടു കൂടി, ''പ്രഭാത നക്ഷത്രങ്ങൾ ഒന്നിച്ച് ഘോഷിച്ചുല്ലസിക്കുകയും ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ തന്നെ'' (ഇയ്യോബ് 38:7).

ഏദനിൽ വച്ചു സാത്താനുള്ള ശിക്ഷ വിധിച്ച സമയത്തു തന്നെ വീണ്ടെടുപ്പിനെ ക്കുറിച്ചുള്ള അറിവ് ആദ്യമായി മനുഷ്യനെ ഗ്രഹിപ്പിച്ചു. ദൈവം അരുളിചെയ്തു, ''ഞാൻ നിനക്കും സ്ത്രീയ്ക്കും തമ്മിലും നിന്റെ സന്തതിയ്ക്കും സ്ത്രീയുടെ സന്തതിയ്ക്കും തമ്മിലും ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും'' (ഉല്പത്തി 3:15). ഈ ശിക്ഷ നമ്മുടെ ആദിപിതാവും ആദിമാതാവും കേൾക്കെ കല്പിച്ചത്, അത് അവർക്ക് ഒരു വാഗ്ദാനം കൂടിയായിരുന്നു. ഇത് മനുഷ്യനും സാത്താനും തമ്മിലുള്ള ഒരു പോരാട്ടത്തെക്കുറി ച്ചുള്ള മുൻ സൂചനയായിരുന്നുവെങ്കിലും മഹാശത്രുവായ സാത്താന്റെ ശക്തിയെ അവസാനം തകർക്കുമെന്നുള്ള ഒരു അരുളപ്പാടുകൂടി ആയിരുന്നു. ആദാമും ഹവ്വായും നീതിയുള്ള ന്യായാ ധിപതിയുടെ മുമ്പാകെ കുറ്റക്കാരായി നിന്ന് തങ്ങളുടെ പാപഫലമായുണ്ടായ ശിക്ഷാവിധിയ്ക്കായി നിൽക്കേണ്ടി വന്നപ്പോൾ, കഷ്ടതയും ദുഃഖവും നിറഞ്ഞ ജീവിതത്തിന്റെ ഭാഗം കേൾക്കുന്നതിനു മുമ്പ്, അവർ പൊടിയിലേക്ക് തിരികെ ചേരുമെന്ന് അരുളി ചെയ്തതിനു മുമ്പ് അവർക്കു പ്രത്യാശ നഷ്ടമാകാത്ത വാക്കുകൾ ഗ്രഹിക്കുവാൻ സാധിച്ചു. വൻ ശത്രുവിൽ നിന്നും ശക്തമായ കഷ്ട തകൾ നേരിടേണ്ടിവന്നാലും അന്തിമവിജയത്തെ ലക്ഷ്യമാക്കി നോക്കി മുന്നേറുവാൻ സാധിക്കു മെന്ന് ഗ്രഹിച്ചു.

താനും സ്ത്രീയും തമ്മിലും തന്റെ സന്തതിക്കും സ്ത്രീയുടെ സന്തതിക്കും തമ്മിലും ശത്രുത നിലനിൽക്കുമെന്ന് സാത്താൻ കേട്ടപ്പോൾ, മനുഷ്യവർഗ്ഗത്തെ തിന്മയിലേക്കു നയിക്കുന്ന തന്റെ പ്രവർത്തനം തടസ്സപ്പെട്ടേയ്ക്കാമെന്നും എതെങ്കിലും മാർഗം തന്റെ ശക്തിയെ പ്രതിരോധി ക്കുവാൻ മനുഷ്യനു സാധിച്ചേക്കുമെന്നും സാത്താൻ മനസ്സിലാക്കി. എന്നാൽ രക്ഷയുടെ പദ്ധതി യെക്കുറിച്ച് കൂടുതൽ നിവർത്തപ്പെട്ടപ്പോൾ മനുഷ്യനെ കീഴ്പ്പെടുത്താൻ സാധിച്ചതുപോലെ അത്യു ന്നതിയിലുള്ള ദൈവപുത്രനെയും കീഴ്പ്പെടുത്താമെന്നു കരുതി, സാത്താനും അവന്റെ ഭൂതഗണ ങ്ങളും സന്തോഷിച്ചു. സാത്താന്റെ പദ്ധതികൾ എല്ലാം അതുവരെ ഏറെക്കുറെ ഭൂമിയിൽ വിജയം കണ്ടുവെന്നും, ക്രിസ്തു മനുഷ്യനായി വരുമ്പോൾ ആ മാനുഷികതലത്തിൽ ക്രിസ്തുവിനെ കീഴ്പ്പെടുത്താമെന്നും അങ്ങനെ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായുള്ള പദ്ധതി തടയണ മെന്നും സാത്താൻ കരുതിയിരുന്നു.

സ്വർഗ്ഗീയ മാലാഖമാർ നമ്മുടെ ആദ്യപിതാവിനോടും ആദ്യമാതാവിനോടും അവ രുടെ രക്ഷയ്ക്കുവേണ്ടി തയ്യാറാക്കിയ പദ്ധതിയെക്കുറിച്ച് കൂടുതലായി കാര്യങ്ങൾ വെളിപ്പെടു ത്തി. മഹാപാപം നിലനിൽക്കുകയാണെങ്കിലും തങ്ങളെ സാത്താന്റെ നിയന്ത്രണത്തിലേക്ക് ഏൽപി ക്കയില്ലെന്ന് ആദാമിനെയും ഹവ്വായെയും അറിയിച്ചു. ദൈവപുത്രൻ തന്റെ സ്വന്തം ജീവൻ അവ രുടെ പാപപരിഹാരത്തിന് മറുവിലയായി ബലിയായി സമർപ്പിക്കുവാൻ തയ്യാറായി. ക്രിസ്തുവി ലുള്ള വിശ്വാസത്തിലും അനുതാപത്തിലും ജീവിക്കുന്നവർക്ക് വീണ്ടും ദൈവമക്കളായി തീരു വാൻ ഒരവസരം കൂടി അനുവദിച്ചു.

തങ്ങളുടെ പാപത്താൽ ജീവബലി ആവശ്യമാണെന്ന് മനസിലാക്കിയ ആദാമും ഹവ്വായും ദൈവീകനിയമത്തിന്റെ പരിശുദ്ധിയും സ്വഭാവവും വെളിപ്പെടുത്തപ്പെട്ടപ്പോൾ തങ്ങ

ളുടെ പാപത്തിന്റെ തീവ്രതയും, അതിഭയങ്കരമായ അനന്തരഫലവും അതിനുമുൻപുണ്ടാകാത്ത വിധം അവർ കണ്ടു. ഹൃദയം നുറുങ്ങിയ ആത്മവേദനയോടും തീവ്ര അനുതാപത്തോടും കൂടി തങ്ങൾക്കുള്ള ശിക്ഷ അവരുടെ സന്തോഷത്തിന്റെ ഉറവിടമായ സ്നേഹം ചൊരിയുന്ന ആത്മനാഥന്റെ മേൽ വരാതെ തങ്ങളുടെയും തങ്ങളുടെ സന്തതികളുടെ മേലും വരട്ടെയെന്നും അവർ അപേക്ഷിച്ചു.

സ്വർഗ്ഗത്തിലും ഭൂമിയിലും ദൈവരാജ്യത്തിന്റെ അടിസ്ഥാനം ദൈവീകനിയമം ആകയാൽ ഒരു മാലാഖയുടെ ജീവൻപോലും പാപപരിഹാരത്തിന് സ്വീകാര്യമല്ലെന്ന് അവരോട് അറിയിച്ചു. പാപത്തിൽ വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ ഉദ്ധാരണത്തിന് ദൈവീകനിയമത്തിൽ നിന്ന് ഒന്നും തന്നെ മാറ്റപ്പെടുവാനോ, ഇല്ലാതാക്കാനോ അസാധ്യമായിരിക്കെ, മനുഷ്യന്റെ സ്രഷ്ടാവായ, ദൈവപുത്രനു മാത്രമെ ജീവൻ നൽകി മനുഷ്യനെ രക്ഷിയ്ക്കുവാൻ കഴിയുകയുള്ളു. ആദമിന്റെ പാപത്താൽ കഷ്ടതയും മരണവും കടന്നുവന്നപ്പോൾ ക്രിസ്തുവിന്റെ കഷ്ടാനുഭവ മരണത്താൽ ജീവനും നിത്യജീവനും ലഭിച്ചു.

പാപത്താൽ മനുഷ്യവർഗം മാത്രമല്ല ഭൂതലം മുഴുവൻ ദുഷ്ടനായവന്റെ അധീനതയിൽ ആണ്ടപ്പോൾ, അതിനെ രക്ഷാകരമായ വീണ്ടെടുപ്പിന്റെ മാർഗ്ഗത്തിലൂടെ പുനഃസ്ഥാപിക്കേണ്ടിവന്നു. ആദാമിനെ സൃഷ്ടിച്ച് ഭൂമിയും അതിലെ എല്ലാ ജീവജാലങ്ങളെയും ആദാമിന്റെ അധീനതയിൽ ഏൽപ്പിച്ചെങ്കിലും സാത്താന്റെ പ്രലോഭനത്തിന് വഴങ്ങിയപ്പോൾ ദൈവതേജസ് നഷ്ടപ്പെട്ട ആദാം സാത്താന്റെ അധീനതയിൽ അകപ്പെട്ടു. ''ഒരുത്തൻ ഏതിനോട് തോൽക്കുന്നുവോ അതിന് അടിമപ്പെട്ടിരിക്കുന്നു'' (2 പത്രോസ് 2:19). മനുഷ്യൻ സാത്താന്റെ അടിമയാക്കപ്പെട്ടപ്പോൾ ആദമിനു ലഭിച്ചിരുന്ന അധികാരം ആദാമിനെ പരാജയപ്പെടുത്തിയവൻ കൈവശമാക്കി. അങ്ങനെ സാത്താൻ ഈ ''ലോകത്തിന്റെ ദൈവമായി'' (2 കൊരിന്ത്യർ 4:4). ആദ്യമായി ആദമിനു നൽകപ്പെട്ട ഭൂതലത്തിന്റെ ആധിപത്യം പാപത്തിനടിമപ്പെട്ട ആദം സാത്താന്റെ അധികാരത്തിൽ കീഴിൽ ആയപ്പോൾ ആദമിനുണ്ടായിരുന്ന എല്ലാ ആധിപത്യവും സാത്താൻ തട്ടിയെടുത്തു. എന്നാൽ പാപത്തിന്റെ ശിക്ഷാവിധിയ്ക്ക് പരിഹാരമായി ക്രിസ്തുവിന്റെ കഷ്ടാനുഭവത്താലും ക്രൂശുമരണത്താലും മനുഷ്യവർഗത്തെ രക്ഷയിലേക്ക് വീണ്ടെടുക്കുക മാത്രമല്ല, ആദാമിന് നഷ്ടമായ ആധിപത്യവും വീണ്ടെടുക്കാനായി. ആദ്യത്തെ ആദാമിനാൽ നഷ്ടമായത് എല്ലാം രണ്ടാമത്തെ ആദമിനാൽ (ക്രിസ്തുവിനാൽ) പുനഃസ്ഥാപിക്കപ്പെട്ടു. പ്രവാചകൻ പറഞ്ഞു, ''നീയോ, ഏദെർഗോപുരമെ, സീയോൻപുത്രിയുടെ ഗിരിയേ, നിനക്ക് പൂർവ്വാധിപത്യം, യെരുശലേം പുത്രിയുടെ രാജത്വം തന്നെ, നിനക്കു വരും''( മീഖാ. 4:8). കൂടാതെ അപ്പോസ്തോലനായ പൗലോസ് എഴുതിയിരിക്കുന്നത്, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൽ ''പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിയിരിക്കുന്നു'' (എഫെസ്യർ 1:14). വിശുദ്ധിയിലും, സന്തോഷത്തിലും ജീവിക്കുന്നവരുടെ വാസസ്ഥലമായിട്ടാണ് ദൈവം ഭൂമിയെ സൃഷ്ടിച്ചത്. ''ഭൂമിയെ രൂപപ്പെടുത്തുകയും നിർമ്മിക്കുകയും ചെയ്ത ദൈവം... അതിനെ സൃഷ്ടിക്കുകയും സ്ഥാപിക്കുകയും ചെയ്തത് വ്യർത്ഥമായിട്ടല്ല, പിന്നെയോ വാസയോഗ്യമാകേണ്ടതിന് ആണ് അതിനെ രൂപപ്പെടുത്തിയത്'' (യെശയ്യാവ് 45:18). ദൈവിക ശക്തിയാൽ പുതുക്കപ്പെടുകയും, പാപത്തിൽ നിന്നും ദുഃഖങ്ങളിൽ നിന്നും മോചിക്കപ്പെടുകയും ചെയ്ത്, അതു വീണ്ടെടുക്കപ്പെട്ടവരുടെ നിത്യവാസ സ്ഥലമായി തീരുകയും ചെയ്യുമ്പോൾ ആ ലക്ഷ്യം പൂർത്തീകരിക്കും. ''നീതിമാന്മാർ ഭൂമിയെ അവകാശമാക്കി എന്നേക്കും അതിൽ വസിക്കും'' (സങ്കീർത്തനങ്ങൾ 37:29). ''യാതൊരു ശാപവും ഇനി ഉണ്ടാകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും'' (വെളിപ്പാട് 22:3).

ആദാം, തന്റെ നിഷ്കളങ്കതയിൽ, തന്റെ സ്രഷ്ടാവുമൊത്ത് നേരിട്ടുള്ള സംസർഗ്ഗം അനുഭവിച്ചിരിക്കെ, എന്നാൽ പാപം കാരണം ദൈവവും മനുഷ്യനും തമ്മിൽ വിടവുണ്ടാവുകയും ക്രിസ്തുവിന്റെ പീഡാനുഭവത്തിലൂടെയും കുരിശുമരണത്തിലൂടെയും വലിയ താഴ്ചയിൽ ആയ വിടവ് പരിഹരിച്ച് രക്ഷയുടെയും വാഴ്വിന്റെയും സന്ദേശം സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് സാധ്യമാക്കി തീർത്തു. അതുവരെ മനുഷ്യന് തന്റെ സ്രഷ്ടാവുമായി നേരിട്ടുള്ള സംസർഗ്ഗം വിച്ഛേദിക്കപ്പെടുകയും, എന്നാൽ ദൈവം ക്രിസ്തുവിൽ കൂടിയും ദൈവദൂതരിൽ കൂടിയും മനുഷ്യനുമായി ബന്ധപ്പെട്ടിരുന്നു.

അങ്ങനെ മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ ഏദനിൽ വച്ചു ദൈവിക ശിക്ഷ വിധിച്ച സമയം മുതൽ, പ്രളയം വരെയും, കൂടാതെ അതുമുതൽ ദൈവപുത്രന്റെ ആദ്യവരവിനെപറ്റിയും ആദമിന് വെളിപ്പെടുത്തികൊടുത്തു. ലോകത്തിന്റെ മുഴുവൻ രക്ഷയ്ക്കാവശ്യമായതിന് മതിയായതും വിലയേറിയതുമായ ക്രിസ്തുവിന്റെ ത്യാഗവും, പീഢാനുഭവവും എങ്കിലും, അനുതാപത്തിലും അനുസരണത്തിലും ജീവിക്കേണ്ടതിനുപകരം അനേകം പേർ പാപത്തിൽ തന്നെയുള്ള ജീവിതം തിരഞ്ഞെടുക്കുന്നതായി ആദമിന് വെളിപ്പെടുത്തികൊടുത്തു. പിൻതലമുറകളിൽ കൂടി പാപം പെരുകുകയും, പാപത്താലുള്ള ശാപം മനുഷ്യവർഗ്ഗത്തിന്റെ മേലും ജീവജാലങ്ങളുടെ മേലും കൂടുതൽ കഠിനമായി വർദ്ധിച്ചുകൊണ്ടിരുന്നു. മനുഷ്യൻ അവന്റേതായ പാപപ്രവർത്തികൾ കാരണം അവന്റെ ആയുസ് ചുരുക്കപ്പെടുകയും അവന്റെ ശാരീരിക അസ്തിത്വവും, കഴിവുകളും, പവിത്രതയും, ബുദ്ധിശക്തിയും കുറഞ്ഞ് ലോകം എല്ലാ വിധമായ കഷ്ടതകളിലും നിറയുകയും ചെയ്യുന്നു. ഭക്ഷണത്തോടും വികാരങ്ങളോടും ഉള്ള ആസക്തിയിൽ അകപ്പെട്ട മനുഷ്യന് വീണ്ടെടുപ്പിന്റെ പദ്ധതിയെക്കുറിച്ചുള്ള വലിയ സത്യങ്ങളെ പുകഴ്ത്തുവാൻ യോഗ്യത ഇല്ലാതായി മാറുന്നു. എന്നാൽ ക്രിസ്തു സത്യത്തിലൂടെ അവിടുത്തെ ദൗത്യത്തിന് സ്വർഗ്ഗത്തിൽ നിന്നറങ്ങിവരികയും, മനുഷ്യനിൽ അവിടുത്തെ ഇംഗിതം തുടർന്നും, കൂടാതെ ഇപ്പോഴും അവരുടെ കുറവുകളും ബലഹീനതകളും തന്നിലേക്ക് മറയ്ക്കുവാൻ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. വിശ്വാസത്തോടെ കർത്താവിങ്കലേക്ക് വരുന്ന എല്ലാവരുടെയും ആവശ്യങ്ങൾ ക്രിസ്തു നിറവേറ്റികൊടുക്കുന്നു. കൂടാതെ എല്ലാ കാലങ്ങളിലും വളരെ കുറച്ചു പേരെങ്കിലും ദൈവികജ്ഞാനം കാത്തു സൂക്ഷിയ്ക്കുകയും അനീതി നിറഞ്ഞ ലോകത്തിൽ അവരുടെ വിശുദ്ധിക്ക് കോട്ടം തട്ടാതെ നിലകൊള്ളുകയും ചെയ്യുന്നു.

മനുഷ്യൻ ചെയ്ത പാപത്തിന്റെ കുറ്റസമ്മതം അനുതാപത്തോടുകൂടി ഏറ്റുപറയുകയും വരുവാനിരുന്ന വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന മശിഹായാകുന്ന വീണ്ടെടുപ്പുകാരന്റെ ത്യാഗത്തിന്റെ എന്നേക്കും ഉള്ള ഓർമ്മിക്കലുമായിട്ടാണ് പഴയനിയമകാലബലി ദൈവത്തിന് അർപ്പിച്ചിരുന്നത്. അതെല്ലാം സൂചിപ്പിച്ചിരുന്നത് വീഴ്ചയിലായ മനുഷ്യവർഗ്ഗത്തിന്റെ പാപം മരണം കടന്നു വരുവാൻ കാരണമായി തീർന്നു എന്ന വലിയ സത്യം വെളിപ്പെടുത്തലായിരുന്നു. ആദാമിന് ആദ്യമായി ബലി സമർപ്പിക്കേണ്ടി വന്നത് വളരെ വേദനാജനകമായ കർമ്മമായിരുന്നു. ദൈവത്തിനാൽ മാത്രം നൽകുവാൻ കഴിയുന്ന ജീവൻ, ആദാമിന് കൈ ഉയർത്തേണ്ടി വന്നു ആ ജീവൻ എടുക്കാൻ. ആദം ആദ്യമായി മരണത്തിന്  എന്നേക്കുമായി സാക്ഷിയാകേണ്ടി വന്നപ്പോൾ, താൻ ദൈവത്തോട് അനുസരണയിൽ ആയിരുന്നെങ്കിൽ, മനുഷ്യനൊ ജീവികൾക്കൊ മരണം ഉണ്ടാകയില്ലായിരുന്നുവെന്ന് ആദം അറിഞ്ഞു. ആദാം നിഷ്കളങ്കമായ ബലിയാടിനെ കൊന്നപ്പോൾ, തന്റെ പാപത്താൽ യാതൊരു കളങ്കവുമില്ലാത്ത ദൈവകുഞ്ഞാടിന്റെ രക്തം ചിന്തപ്പെടുന്നത് മനസ്സിൽ കണ്ട് ആദം ഭയന്നു വിറച്ചു. ഈ ഉൾകാഴ്ച ആദാമിനെ താൻ ചെയ്ത പാപത്തിന്റെ തീവ്രത

വളരെ ആഴത്തിലും കൂടുതൽ വിശാലതയിലും ചിന്തിപ്പിക്കുകയും ദൈവത്തിന്റെ പ്രിയപുത്രന്റെ മരണത്തിനു മാത്രമല്ലാതെ മറ്റൊരു പരിഹാരമാർഗ്ഗവുമില്ലെന്ന് ഗ്രഹിക്കുകയും ചെയ്തു. പാപിയെ രക്ഷിക്കുവാൻ വേണ്ടി വിലമതിയ്ക്കാൻ ആവാത്ത ജീവൻ നൽകുന്ന അനന്തമായ നന്മയെ ഉൾക്കൊണ്ടപ്പോൾ ആദം അതിശയിച്ചു. ഇരുളടഞ്ഞതും ഭയാനകവുമായിരുന്ന വരും കാലത്തിന്റെ അത്യുഗ്രമായ വിനാശത്തിൽ നിന്നും വിടുതലിനുതകുന്ന പ്രത്യാശയുടെ ഒരു നക്ഷത്രം തെളിഞ്ഞു.

എന്നാൽ വീണ്ടെടുപ്പിന്റെ പദ്ധതിയായ മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കുവേണ്ടി മാത്രമായിരുന്നില്ല ക്രിസ്തു ഭൂമിയിലേക്ക് വന്നത്, ഇതിലും വിശാലവും ആഴത്തിലും ഉള്ള ലക്ഷ്യത്തിലേക്കു കൂടി ആയിരിക്കെ, ഈ ചെറിയ ലോകത്തിലെ അന്തേവാസികൾ ദൈവീകനിയമം പാലിക്കപ്പെടേണ്ടതുപോലെ പാലിക്കപ്പെടുവാൻ മാത്രമായിരുന്നില്ല, എന്നാൽ പ്രപഞ്ചത്തിനു മുൻപിൽ ദൈവികസ്വഭാവത്തെ വെളിപ്പെടുത്തിക്കൊടുക്കുവാൻ കൂടിയായിരുന്നു. ഇതിന്റെ ഫലമായി ക്രിസ്തു ബലിയായി തീർന്നപ്പോൾ, അതിന്റെ പ്രതിഫലനമായി മറ്റു ലോകങ്ങളിൽ ഉണ്ടായ വിജ്ഞാന രഹസ്യങ്ങൾ, അതുപോലെ മനുഷ്യനിലും ഉണ്ടായി- ക്രൂശുമരണത്തിന്റെ തൊട്ടുമുമ്പായി രക്ഷിതാവ് മുന്നിലേക്കു നോക്കി പറഞ്ഞു; "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധിയാകുന്നു, ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്ത് തള്ളിക്കളയും. ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും" (യോഹന്നാൻ 12 :31, 32). ക്രിസ്തുവിന്റെ ക്രൂശുമരണം സ്വർഗ്ഗവുമായി മനുഷ്യനെ നിരപ്പിലേക്ക് എത്തിക്കുന്ന മനുഷ്യരക്ഷ മാത്രമായിരുന്നില്ല, എന്നാൽ സാത്താന്റെ വിഘടനത്തെ നേരിടുന്നതിലൂടെ പ്രപഞ്ചത്തിനു മുമ്പാകെ ദൈവത്തിന്റെയും തന്റെ പുത്രനായ ക്രിസ്തുവിന്റെയും നീതിയെ വെളിപ്പെടുത്തുന്ന ഒരു പ്രവർത്തി കൂടിയായിരുന്നു. ഇത് ദൈവീകനിയമത്തെ എന്നന്നേക്കുമായി സ്ഥാപിക്കുകയും, പാപത്തിന്റെ സ്വഭാവത്തെയും അതിന്റെ ഫലത്തെയും വെളിപ്പെടുത്തുക കൂടിയായിരുന്നു.

ആദിമുതലുള്ള ഭിന്നിപ്പ് തുടങ്ങിയത് ദൈവീകനിമയത്തെ പറ്റിയായിരുന്നു. ദൈവം നീതിപൂർവ്വമല്ലെന്നും ദൈവീകനിയമത്തിൽ പിഴവുകൾ ഉണ്ടെന്നും, പ്രപഞ്ചത്തിന്റെ നല്ലതിനു വേണ്ടി അത് ഭേദഗതി ചെയ്യണമെന്നും, അത് തെളിയിക്കാമെന്നും ആയിരുന്നു സാത്താന്റെ ഭാഗം. ദൈവീകനിയമത്തെ എതിർത്തിരുന്നത്, അത് എഴുതപ്പെട്ടവന്റെ ആധികാരികതയെ പുറത്താക്കുക ആയിരുന്നു സാത്താന്റെ ലക്ഷ്യം. ഈ ഭിന്നതയാൽ ദൈവീകനിയമം പോരായ്മ ഉള്ളതാണൊ, മാറ്റപ്പെടേണ്ടതാണൊ, അതോ ശരിയായതും മാറ്റപ്പെടാത്തതും ആണൊ എന്ന് കാണിക്കേണ്ടിയിരുന്നു.

സാത്താനെ സ്വർഗ്ഗത്തിൽ നിന്നും പിടിച്ചു പുറത്താക്കിയതു മുതൽ അവൻ ഭൂമിയെ തന്റെ ആധിപത്യത്തിലാക്കുവാൻ ശ്രമിച്ചു. അവൻ ആദാമിനെയും ഹവ്വായെയും പരീക്ഷിച്ചു കീഴ്പ്പെടുത്തിയതു മുതൽ, ഈ ലോകത്തിന്റെ അവകാശം അവൻ നേടിയെന്ന് ധരിച്ചു, എന്തുകൊണ്ടെന്നാൽ അവൻ പറഞ്ഞു, "അവർ എന്നെ അവരുടെ അധിപതിയായി തിരഞ്ഞെടുത്തു". പാപിക്ക് പാപമോചനം ഒരിക്കലും സാധ്യമല്ലെന്നും ആയതിനാൽ പാപത്തിൽ വീണുപോയ മനുഷ്യവർഗം അവന്റെ ആധിപത്യത്തിൽ ആണെന്നും, ഈ ലോകം അവന്റേതാണെന്നും സാത്താൻ അവകാശപ്പെട്ടു. എന്നാൽ ദൈവം തന്റെ സ്വന്തം പ്രിയപുത്രനെ, തന്നോടൊപ്പം സമത്വത്തിൽ ആയ ഒരുവനെ തന്നെ, പാപത്തിന്റെ ശിക്ഷ സഹിക്കുവാൻ നൽകി- അങ്ങനെ മനുഷ്യവർഗം വീണ്ടും തന്റെ അവകാശത്തിലേക്ക് ചേർക്കപ്പെടുവാനും ഒരു വഴി ഒരുക്കി, ഏദനിലെ ഭവനത്തിലേക്ക് തിരികെ ചേർക്കപ്പെടുവാൻ തന്നെ. ക്രിസ്തു മനുഷ്യനെ വീണ്ടെടുക്കുവാനും,

ലോകത്തെ സാത്താന്റെ പിടിയിൽ നിന്നും വിടുവിച്ച് രക്ഷിച്ചെടുക്കുവാനും തയ്യാറായി. സ്വർഗ്ഗത്തിൽ തുടങ്ങിവച്ചതായ ആ വലിയ ഭിന്നത തുടർന്നു വന്ന് ഈ ലോകത്തിൽ വച്ചുതന്നെ സാത്താൻ തന്റേതെന്ന് അവകാശപ്പെട്ട അതേ ഭൂമിയിൽ തന്നെ തീരുമാനിക്കപ്പെടേണ്ടിയിരുന്നു.

വീഴ്ചയിലായ മനുഷ്യനെ രക്ഷിക്കുവാൻ വേണ്ടി ക്രിസ്തു തന്നത്താൻ താഴ്ത്തി ഇറങ്ങിവന്നത് എല്ലാ ലോകങ്ങളെയും അതിശയിപ്പിക്കുന്നതായിരുന്നു. നക്ഷത്രങ്ങളിൽ നിന്നും നക്ഷത്രങ്ങളിലേക്കും, ഒരു ലോകത്തിൽ നിന്നും മറ്റുള്ള ലോകങ്ങളിലേക്കും സഞ്ചരിക്കുന്നവനും, എല്ലാത്തിനെയും പരിപാലിക്കുന്നവനും വിശാലമായ തന്റെ എല്ലാ സൃഷ്ടിയുടെയും ആവശ്യാനുസരണം യഥാസമയത്തുതന്നെ ഓരോന്നിനും അതാതിന്റെ ആവശ്യങ്ങളെ കൃത്യമായി നൽകുന്നവനും ആയവൻ തന്നെ - തന്നത്താൻ തന്റെ മഹത്വം സ്വയം മനസ്സാലെ വിട്ടിറങ്ങി തന്നത്താൻ മനുഷ്യനായി തീർന്നതായ ആ വലിയ രഹസ്യം പാപരഹിതമായ മറ്റു ലോകങ്ങളിലെ രഹസ്യാന്വേഷികൾ മനസ്സിലാക്കുവാൻ ആഗ്രഹിച്ചു. ക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ ഇടയിലേക്ക് മനുഷ്യരൂപത്തിൽ വന്നപ്പോൾ എല്ലാവരും വലിയ ആകാംക്ഷയോടും താല്പര്യത്തോടും കൂടി ക്രിസ്തു സഞ്ചരിക്കുന്നിടത്തേക്കും ആഗമനങ്ങളിലും പടിപടിയായി, ഗോശാല മുതൽ കാൽവറി വരെയും രക്തം ചിന്തിയ പാതയിലൂടെ അനുഗമിക്കുകയും ചെയ്തു. ക്രിസ്തുവിന് ലഭിച്ച നിന്ദകളും, പരിഹാസങ്ങളും അത് സാത്താന്റെ പ്രേരണയാൽ ആണെന്ന് അറിഞ്ഞുകൊണ്ട് സ്വർഗ്ഗത്തിൽ രേഖപ്പെടുത്തി. പൈശാചിക ശക്തിയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ സാത്താൻ അന്ധകാരത്തിലും ദുഃഖങ്ങളിലും യാതനകളിലും മനുഷ്യവർഗ്ഗത്തെ തുടർച്ചയായി ഞെരുക്കുന്നതും ക്രിസ്തു അതിനെ പ്രതിരോധിക്കുന്നതും അവർ സ്വർഗ്ഗത്തിൽ അടയാളപ്പെടുത്തി. വെളിച്ചവും അന്ധകാരവും തമ്മിലുള്ള യുദ്ധം വളർന്ന് വലുതായി ശക്തിപ്പെടുന്നത് അവർ നിരീക്ഷിച്ചു. ക്രിസ്തു കഷ്ടം സഹിച്ച് അവസാനമായപ്പോൾ ക്രൂശിൽ കിടന്ന് നിലവിളിച്ചു പറഞ്ഞു, “എല്ലാം പൂർത്തിയായി”, വിജയത്തിന്റെ ഒരു അത്യുച്ച നാദം എല്ലാ ലോകത്തിലും സ്വർഗ്ഗത്തിൽ തന്നെയും മുഴങ്ങി. ഈ ലോകത്തിൽ തന്നെ വളരെയധികം നീണ്ടുപോയ ആ മത്സരത്തിന്റെ പാരമ്യത്തിൽ ആയപ്പോൾ തന്നെ തീരുമാനിക്കപ്പെട്ടു, ക്രിസ്തു അതിന്റെ ജേതാവായി. ആത്മബലിയിലൂടെ തന്നത്താൻ ത്യജിക്കപ്പെട്ട ആ പ്രവർത്തി ദൈവത്തിനും ദൈവപുത്രനും മനുഷ്യവർഗ്ഗത്തോടുള്ള മതിയായതും അളവറ്റതുമായ സ്നേഹത്തിന്റെ ആഴത്തെ കുറിക്കുന്ന ഉത്തരമായിരുന്നു ക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെ ലഭിച്ചത്. വഞ്ചകനും കൊലപാതകിയും ആയ സാത്താന്റെ ശരിയായ സ്വഭാവം വെളിപ്പെടുത്തപ്പെട്ടു. മനുഷ്യ സന്തതിയെ കീഴടക്കി സാത്താന്റെ അധീനതയിൽ ആക്കിയ അതേ ആത്മാവിൽ തന്നെ, സ്വർഗ്ഗീയവാസികളെയും നിയന്ത്രണത്തിൽ ആക്കുന്നതിനു വേണ്ടിയുള്ള സാത്താന്റെ തന്ത്രങ്ങൾ വെളിച്ചത്തായി. സർവ്വലോകങ്ങളിലും ദൈവത്തോടു വിശ്വസ്തരായവർ ഒന്നിച്ച് ഒരേ ശബ്ദത്തിൽ വലിയ ഉന്മേഷത്തോടെ ദൈവികരാജ്യത്തെ ആർത്തുഘോഷിച്ചു സ്തുതിച്ചു.

ദൈവീകനിയമം മാറ്റപ്പെടാമായിരുന്നെങ്കിൽ ക്രിസ്തുവിന്റെ ക്രൂശുമരണം ഒഴിവാക്കി മനുഷ്യൻ രക്ഷ പ്രാപിക്കുമായിരുന്നു; എന്നാൽ വീഴ്ചയിലായ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കു വേണ്ടി ക്രിസ്തു ജീവൻ നൽകിയത് യഥാർത്ഥത്തിൽ ആവശ്യമായതു കാരണവും അത് തെളിയിക്കുന്നത് ദൈവീകനിയമത്തിന്റെ അവകാശത്തിന്മേൽ പാപിക്ക് ശിക്ഷാവിധിയിൽ നിന്നും രക്ഷ നേടുവാൻ വേറെ ഒരു മാർഗ്ഗവും ഇല്ലെന്നുള്ളതാണ്. പാപത്തിന്റെ ശമ്പളം മരണമാകുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. ക്രിസ്തു പ്രാണൻ വെടിഞ്ഞതോടെ, സാത്താന്റെ നാശം തീർച്ചയായി. എന്നാൽ ദൈവീകനിയമം ക്രൂശുമരണത്തോടുകൂടി അവസാനിച്ചുവെന്ന്, ചിലർ അവകാശപ്പെടുന്നതുപോലെയാണെങ്കിൽ ദൈവത്തിന്റെ പ്രിയപുത്രൻ കഷ്ടാനുഭവവും മരണവും സഹിച്ചത്

സാത്താന്റെ ആവശ്യം നിറവേറ്റുന്നതിലേക്കും, അത് തിന്മയുടെ പ്രഭുവിന്റെ വിജയത്തിലേക്കും ദൈവരാജ്യത്തിനെതിരെയുള്ള അവന്റെ ആരോപണങ്ങൾ അംഗീകരിയ്ക്കപ്പെടലുമാകുമായിരുന്നു. മനുഷ്യന്റെ പാപത്തിന്റെ ഫലമായുണ്ടായ ശിക്ഷാവിധി ക്രിസ്തു വഹിച്ചത് എല്ലാ സൃഷ്ടിഗണങ്ങളിലും ശക്തമായ വാദമായിരിക്കെ, ദൈവീകനിയമം മാറ്റപ്പെടാനാകാത്തതും, ദൈവം നീതിയുള്ളവനും, കാരുണ്യവാനും, തന്നത്താൻ ത്യജിക്കപ്പെട്ടവനും ആകയാൽ നിത്യമായ നീതിയിലും കരുണയിലും ഏകോപ്പിച്ചുള്ള പരിപാലനമാണ് ദൈവിക രാജ്യത്തിൽ എന്നതാണ് ശരിയായ വസ്തുത.